പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2738 — 14.12.2015 -ലെ മറുപടിക്ക്.

## കശുവണ്ടി മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എം. എ. ബേബി<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കശുവണ്ടി മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അവയിൽ പ്രധാനപ്പെട്ടവ എന്തൊക്കെയാണ് ; | (എ) പരിശോധിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിലെ തൊഴിലാളികൾ ഇപ്പോൾ നേരിടുന്ന മുഖ്യമായ പ്രശ്നം തൊഴിലില്ലായ്മയാണ്. തോട്ടണ്ടിയുടെ ലഭ്യത കുറവുമൂലം ചില കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത അവസ്ഥയാണ്. വിദേശ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ ലഭ്യതയ്ക്കനുസരിച്ചാണ് കേരളത്തിലെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്. ആഗോള കമ്പോള വിലയിൽ തോട്ടണ്ടിയ്ക്കുണ്ടായ വില വർദ്ധനവ് കേരളത്തിലെ കശുവണ്ടി വ്യവസായത്തെ സാരമായി ബാധിച്ചിട്ടു ണ്ട്. കൂടാതെ കശുവണ്ടി സംസ്ക്കരണത്തിൽ ചെലവ് കുറഞ്ഞ സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ, തുടങ്ങിയ സംസ്ഥാനങ്ങളിലേയ്ക്ക് കശുവണ്ടി വ്യവസായം മാറ്റി സ്ഥാപിക്കുന്ന സ്ഥിതിവിശേഷം സംജാതമായിട്ടു ണ്ട്. |
| (ബി) വിവിധ ആവശ്യങ്ങളുന്നയിച്ച് കൊല്ലം കളക്ടറേറ്റിന് മുമ്പിൽ കശുവണ്ടി തൊഴിലാളികൾ നടത്തിവന്ന സമരം ഒത്തുതീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | (ബി)കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനിലെ തൊഴിലാളികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാന വ്യാപകമായി നടത്തിയ സമരം തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.12.2015 ന് ചേർന്ന യോഗത്തിൽ വച്ച് സമരം താല്ക്കാലികമായി പിൻവലിച്ചു. തുടർ ചർച്ചകൾ നടന്നു വരുന്നു |
| (സി) കശുവണ്ടി വികസന കോർപ്പറേഷനു കീഴിലുള്ള ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ തൊഴിൽ വകുപ്പ് മുൻകൈ എടുത്തിട്ടുണ്ടോ; നടപ്പ് വർഷം പ്രസ്തുത ഫാക്ടറികൾ എത്ര തൊഴിൽ ദിനങ്ങൾ നൽകിയെന്ന് അറിയിക്കുമോ ? | (സി) വിവരം ശേഖരിച്ചു വരുന്നു |

Deepa

സെക്ഷൻ ഓഫീസർ